പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5190 | 28.10.2016 ൽ മറുപടിക്ക്

## കായലുകളും കനാലുകളും ഉപയോഗപ്പെടുത്തി സമാന്തര ജലഗതാഗത പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എ. പ്രദീപ്കുമാർ**<br>**,, എം. സ്വരാജ്**<br>**,, എം. രാജഗോപാലൻ**<br>**,, വി. ജോയി** | | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കായലുകളും കനാലുകളും ഉപയോഗപ്പെടുത്തി സമാന്തര ജലഗതാഗത പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കായലുകളും കനാലുകളും ഉപയോഗപ്പെടുത്തിയാണ് നിലവിൽ വകുപ്പ് സർവ്വീസുകൾ നടത്തിവരുന്നത്. റോഡു ഗതാഗതത്തിന് സമാന്തരമായി ജലമാർഗം വഴി ദൂരം കുറവുള്ള റൂട്ടുകൾ കേന്ദ്രീകരിച്ച് വകുപ്പ് ഫെറി, സർക്കുലർ സർവ്വീസുകൾ നടത്തിവരുന്നു. വകുപ്പിന്റെ വൈക്കം – തവണക്കടവ്, ഫോർട്ട്കൊച്ചി – മട്ടാഞ്ചേരി, വൈറ്റില – കാക്കനാട് എന്നീ സർവ്വീസുകൾ ഇതിന് ഉദാഹരണങ്ങളാണ്. കരമാർഗം ഏകദേശം 15 കിലോ മീറ്റർ സഞ്ചരിക്കേണ്ട വൈക്കം – തവണക്കടവ് റൂട്ടിൽ ജലമാർഗ്ഗേന 3 കിലോ മീറ്റർ മാത്രം ദൈർഘ്യമുള്ള ഫെറി സർവ്വീസായി 3 ഷെഡ്യൂളുകൾ വകുപ്പ് നടത്തിവരുന്നു. ഫോർട്ട് കൊച്ചി – വൈപ്പിൻ – മട്ടാഞ്ചേരി എന്നിവിടങ്ങളിലെ ജനങ്ങൾക്ക് റോഡ് മാർഗ്ഗമുള്ള യാത്രാ ക്ലേശം ഒഴിവാക്കി എറണാകുളം സിറ്റിയുമായി അതിവേഗം ബന്ധപ്പെടുന്നതിന് വകുപ്പിന്റെ 4 ഷെഡ്യൂൾ സർവ്വീസ് മുഖേന സാധിക്കുന്നു. വകുപ്പിന്റെ വൈറ്റില – കാക്കനാട് സർവ്വീസ് മുഖേന ഏകദേശം 20 മിനിറ്റ് കൊണ്ട് കരമാർഗ്ഗമുള്ള ഗതാഗത തിരക്ക് മറികടന്ന് കാക്കനാട്, |

ഇൻഫോപാർക്ക് എന്നിവിടങ്ങളിൽ എത്തിച്ചേരുന്നതിന് എട്ട് ബൈക്കുകൾ കയറ്റാവുന്ന പാസഞ്ചർ-കം-വെഹിക്കിൾ കാര്യർ ബോട്ടുകൾ സർവ്വീസ് നടത്തുന്നു. നിരത്തുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായിക്കാനുതകുന്ന തരത്തിലാണ് വകുപ്പിന്റെ ടി സർവ്വീസുകളെല്ലാം തന്നെ. പുതുതായി വൈക്കം – എറണാകുളം, ആലപ്പുഴ – കുമരകം – കോട്ടയം എന്നീ രണ്ട് റൂട്ടുകളിൽ കൂടി അതിവേഗ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ബോട്ടുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലുമാണ്.

(ബി) എങ്കിൽ ഇതിനായി എന്തെങ്കിലും പഠനം നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) യും ജലഗതാഗത വകുപ്പിൽ പുതിയ റൂട്ടുകൾ സംബന്ധിച്ച് പഠനങ്ങൾ നടത്തുന്നുണ്ട്.

(സി) ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) യും

സെക്ഷൻ ഓഫീസർ